നിർദ്ദേശം നൽകിയിരുന്നു. 25-11-2014-ലെ കണക്കനുസരിച്ച് വിവിധ കേസുകളിൽ പെട്ടവയൊഴികെ, 6590 വാഹനങ്ങൾ സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിച്ചിരുന്നതിൽ ഒട്ടുമിക്ക ജില്ലകളിലും വരുന്ന വാഹനങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു ലേലത്തുക കൂടുതലായതു കൊണ്ട് പലരും ലേലമെടുക്കാൻ മുന്നോട്ടുവന്നില്ല. അതുകൊണ്ട് വില പുനർനിർണ്ണയ നടപടികൾ നടന്നുവരികയാണ്. പോലീസ് സ്റ്റേഷനുമുന്നിൽ റോഡിൽ വാഹനങ്ങൾ സൂക്ഷിച്ചുവരുന്നതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് എത്രയും പെട്ടെന്ന് അവ ഡിസ്പോസ് ചെയ്യുന്നതിന് പോലീസ് വകുപ്പിന് വ്യക്തമായ നിർദ്ദേശം നൽകിക്കഴിഞ്ഞിട്ടുണ്ട്. കോടതിയുടെ പരിഗണനയിലുള്ള കേസുകളിൽപ്പെട്ട വാഹനങ്ങൾ ഡിസ്പോസ് ചെയ്യുന്നതിന് കോടതി ഉത്തരവിന്റെ ആവശ്യമുണ്ട്. ഇതിനുള്ള കാലതാമസം ഇക്കാര്യത്തെ ബാധിക്കുന്നുണ്ട്. വാഹനങ്ങൾ ഡിസ്പോസ് ചെയ്യുന്നതിനുള്ള കാലതാമസം കുറയ്ക്കുന്നതിന് ബന്ധപ്പെട്ട നിയമങ്ങളിൽ ഭേദഗതി വരുത്തുന്ന കാര്യം ഗവൺമെന്റിന്റെ സജീവമായ പരിഗണനയിലാണ്.

## (6) സബ്കോടതിക്ക് സ്ഥലം അനുവദിക്കൽ

<u>ശ്രീ. സി. ദിവാകരൻ:</u> കരുനാഗപ്പള്ളിയിൽ സർക്കാർ അനുവദിച്ചിട്ടുള്ള താലൂക്ക് സബ്കോടതി പ്രവർത്തിക്കാൻ കഴിയാത്ത അവസ്ഥയിലാണ്. കാരണം ആ കോടതി ഫങ്ഷൻ ചെയ്യുന്നത് വാടകക്കെട്ടിടത്തിന്റെ രണ്ടാമത്തെ നിലയിലാണ്. അവിടെ അഭിഭാഷകർ, കക്ഷികൾ, ജീവനക്കാർ, സ്ത്രീ ജീവനക്കാർ എന്നിവർക്കൊന്നും അവരുടെ ഡ്യൂട്ടി നിർവ്വഹിക്കാനുള്ള യാതൊരു സ്ഥലസൗകര്യവുമില്ല. ഞാൻ അതിന് ബന്ധപ്പെട്ട മന്ത്രിയെ സമീപിച്ചപ്പോൾ കോടതിക്ക് സ്ഥലമുണ്ടെങ്കിൽ മന്ദിരനിർമ്മാണത്തിനുള്ള ഫണ്ട് അനുവദിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. കരുനാഗപ്പള്ളി താലൂക്കിൽ സ്ഥലം കിട്ടാൻ ഒരു നിവർത്തിയുമില്ല. അവിടെ കെ.ഐ.പി.-യുടെ പ്രോജക്ട് വൈൻഡ് അപ് ചെയ്തിരിക്കുകയാണ്. യാതൊരു പ്രവർത്തനവുമില്ല. ഒന്നരയേക്കർ സ്ഥലമുണ്ട്. കെട്ടിടങ്ങളുണ്ട്. കെട്ടിടങ്ങളെല്ലാം ജീർണ്ണിച്ചുകിടക്കുകയാണ്. ഒട്ടേറെ വർഷങ്ങളായി ഈ സ്ഥലം ഉപയോഗശൂന്യമായി കിടക്കുകയാണ്. ആ സ്ഥലത്തുനിന്ന് കോടതിയുടെ മന്ദിരം നിർമ്മിക്കാൻ മിനിമം പത്തുസെന്റ് സ്ഥലമെങ്കിലും ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി അനുവദിച്ച് തരാനുള്ള കാരുണ്യം കാണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്)</u>: സർ, ഇതിനൊരു വിശദമായ മറുപടി ആവശ്യമില്ല. ആ ഏരിയ ഏതുഭാഗത്താണെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ഒരു റിക്വസ്റ്റ് തന്നാൽ അതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ആ സ്ഥലം തരുന്നതിന് ഗവൺമെന്റിന് യാതൊരു എതിർപ്പുമില്ല.

LIBRARY ARCHIVES Kerala Legislative Assembly